# ബയോഡൈവേഴ്സിറ്റി ക്ലബ്ബ്

സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മേൽനോട്ടത്തിൽ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജൈവവൈവിധ്യ സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ കാലാനുസൃതമായി നടപ്പിൽ വരുത്തുവാൻ ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ രൂപീകരിക്കുകയാണ്. സർവ്വകലാശാല കാമ്പസുകൾ, കോളേജുകൾ തുടങ്ങി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ഹയർ സെക്കന്ററി സ്കൂൾ തലങ്ങളിലും, ഇവ സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും ജൈവവൈവിധ്യ സംരക്ഷണ, പരിപാലന പ്രവർത്തനങ്ങൾ ബയോഡൈവേഴ്സിറ്റി ക്ലബ്ബുകളുടെ രൂപീകരണത്തിലൂടെ നടപ്പിൽ വരുത്തുവാൻ കഴിയും. ആദ്യപടി യായി ഈ പരിപാടി കോളേജുതലങ്ങളിലാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്.

ജൈവവൈവിധ്യ നിയമങ്ങൾ പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജൈവവൈവിധ്യ പരിപാലന സമിതികളു മായി (ബി.എം.സി) സംയോജിച്ച് ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ, തദ്ദേശീയമായ ജൈവവൈവിധ്യ പരി പാടികൾ ആവിഷ്കരിക്കുന്നതിനാണ് മുൻതൂക്കം നൽകുന്നത്. കൂടാതെ ബയോഡൈവേഴ്സിറ്റി ക്ലബ്ബിന്റെ മുഖ്യപ്രവർത്തനങ്ങളിൽ ഒന്നാണ് "ശാന്തി സ്ഥൽ" സ്ഥാപിക്കുക എന്നത്. ശാന്തിസ്ഥൽ തത്വത്തിൽ ഒരു മനുഷ്യ നിർമ്മിതമായ വന ജൈവവൈവിധ്യ കേന്ദ്രമാണ്. കുറഞ്ഞത് പത്തോ അതിൽ കൂടുതലോ സെന്റ് വിസ്തീർണ്ണമുള്ള സ്ഥലത്ത്, അപൂർവ്വവും, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും, വംശനാശ ഭീഷണി (RET, Rare, Endangered, Threatened) നേരിടുന്നതുമായ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിച്ച് കാലാന്തരത്തിൽ ഈ പ്രദേശം അപൂർവ്വയിനം സസ്യങ്ങളുടെ ജൈവകേന്ദ്രമായി വികസിപ്പിച്ചെടുത്ത് മനുഷ്യ ഇടപെടൽ ഒഴിവാക്കി ജൈവവൈവിധ്യമാർന്ന ജീവജാലങ്ങളുടെ ഒരു തനത് ആവാസകേന്ദ്രമാക്കി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ലക്ഷ്യം.

**ബയോഡൈവേഴ്സിറ്റി ക്ലബ്ബിന്റെ പ്രധാന ഉത്തരവാദിത്വങ്ങളും/ ചുമതലകളും**

- ബി.എം.സിയോട് ചേർന്ന് ജൈവവൈവിധ്യ പഠന സർവ്വേകൾ നടത്തുക
- ജനകീയ ജൈവവൈവിധ്യ രജിസ്റ്ററിന്റെ നിർമ്മാണ പ്രക്രിയയിൽ പങ്കാളികളാവുക
- തനത് ജൈവവൈവിധ്യത്തെ തിട്ടപ്പെടുത്തുവാനും, ജൈവവൈവിധ്യ വിഭവങ്ങളുടെ നീതി പൂർവ്വമായ പങ്കുവെയ്ക്കലിനും ഉപഭോഗത്തിനും ബി.എം.സി യെ സഹായിക്കുക
- ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട തദ്ദേശീയ പ്രശ്നങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ പരി പാടികൾ സംഘടിപ്പിക്കുക. സമൂഹത്തിൽ ജൈവവൈവിധ്യ സംരക്ഷണത്തെക്കുറിച്ച് അവ ബോധം സൃഷ്ടിക്കാൻ ക്ലബ്ബംഗങ്ങളെ തയ്യാറെടുപ്പിക്കുക.
- ബി.എം.സി നിർദ്ദേശിക്കുന്ന ജൈവവൈവിധ്യ പരിപാലനത്തിന് കർമ്മപദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുക.

**ബയോഡൈവേഴ്സിറ്റി ക്ലബ്ബിന്റെ ഭരണ ക്രമീകരണം**

സ്കൂൾ H.M., ഹയർ സെക്കന്ററി/കോളേജിന്റെ പ്രിൻസിപ്പാൾ രക്ഷാധികാരിയായും, ജൈവവൈവിധ്യ പഠന-സംരക്ഷണ-ബോധവൽക്ക രണ മേഖലയിൽ പരിചയ സമ്പത്തുള്ള ഒരു അദ്ധ്യാപകൻ കോഓർഡി നേറ്ററായും, മൂന്ന് അദ്ധ്യാപകരും, ഒരു പി.റ്റി.എ അംഗവും, രണ്ട് വിദ്യാർത്ഥി പ്രതിനിധികളും അടങ്ങുന്നതാ യിരിക്കും എക്സിക്യൂട്ടീവ് കമ്മിറ്റി.

ബയോഡൈവേഴ്സിറ്റി ക്ലബ്ബിന്റെ യോഗങ്ങളിൽ ജൈവവൈവിധ്യ ബോർഡ് ജില്ലാകോഓർഡിനേറ്റർ, ബി. എം.സി. അംഗങ്ങൾ, സ്ഥലത്തെ കൃഷിഓഫീസർ, വനംവകുപ്പ് ഉദ്യോഗസ്ഥൻ എന്നിവർ പ്രത്യേക ക്ഷണി താക്കളായിരിക്കും.

സ്ത്രീ പുരുഷ ഭേദമന്യേ വിവിധ മേഖലകളിൽ നിന്നുമുള്ള അൻപതിൽ കുറയാത്ത അംഗങ്ങൾ അടങ്ങു ന്നതായിരിക്കും ബയോഡൈവേഴ്സിറ്റി ക്ലബ്ബ്.

**സാമ്പത്തിക സഹായം**

തുടക്കത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ വഴി ശാന്തിസ്ഥൽ നിർമ്മിക്കുവാൻ ധനസഹായം നൽകുന്നതാണ്. കൂടാതെ നൂതനമായ ആശയങ്ങളും കർമ്മപരിപാടികളും ഉൾക്കൊള്ളുന്ന പദ്ധതികളുടെ നടത്തിപ്പിന്, സർക്കാർ അംഗീകാരത്തോടെ ധനസഹായം പ്രതീക്ഷിക്കാവു ന്നതാണ്.